"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് വിവിധ ആവശ്യങ്ങൾക്കായി യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസസൗകര്യം ഉറപ്പാക്കുന്നതിനായി "ഷീ ലോഡ്ജുകൾ" സ്ഥാപിക്കുന്ന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്

**സ.ഉ.(കൈ) നം.111/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/07/2020

പരാമർശം:- 1. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കുറിപ്പ്

2. 19/06/2020-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

പഠനം, തൊഴിൽ, പരിശീലനം, മറ്റ് വിവിധ ആവശ്യങ്ങൾ തുടങ്ങി നിരവധി കാര്യങ്ങൾക്കായി സ്ത്രീകൾക്ക് സംസ്ഥാനത്തുടനീളം യാത്ര ചെയ്യേണ്ടി വരുന്നുണ്ട്. ഇപ്രകാരം യാത്ര ചെയ്ത് മറ്റ് സ്ഥലങ്ങളിൽ എത്തുന്ന സ്ത്രീകൾക്ക് മിതമായ നിരക്കിൽ സുരക്ഷിത താമസ സൗകര്യം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തുടനീളം 'ഷീ ലോഡ്ജുകൾ' സ്ഥാപിക്കുന്ന പദ്ധതി 2020 ജനുവരിയിൽ ബഹു.മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നു. യാത്രക്കാരായ സ്ത്രീകൾക്ക് സുരക്ഷിത താമസസൗകര്യം ഉറപ്പ് വരുത്തുന്ന ഇത്തരം ഷീ ലോഡ്ജുകൾ സ്ഥാപിക്കുന്നതിലൂടെ യാത്രാവേളകളിലെ സ്ത്രീകളുടെ സുരക്ഷിതത്വം സംബന്ധിച്ച ആശങ്കയ്ക്ക് പരിഹാരം കാണാൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു.

2. 'ഷീ ലോഡ്ജുകൾ' സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ താഴെപ്പറയുന്ന രണ്ട് മാതൃകകൾ ശിപാർശ ചെയ്തിരുന്നു.

i. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ "ഷീ ലോഡ്ജുകൾ" സ്ഥാപിക്കുകയും ആയതിന്റെ നടത്തിപ്പിനായി കുടുംബശ്രീ അംഗങ്ങളെ ശമ്പളം നൽകി നിയോഗിക്കുകയും ചെയ്യുക.
ii. കുടുംബശ്രീ അംഗങ്ങൾ സംരംഭക മാതൃകയിൽ നടത്തുന്ന "ഷീ ലോഡ്ജുകൾ".

3. സ്ത്രീ സുരക്ഷ മുൻനിർത്തി സജ്ജീകരിക്കുന്ന ഇത്തരം ഷീ ലോഡ്ജുകളുടെ രൂപകല്പനയും ഭൗതിക സാഹചര്യങ്ങളും ദൈനംദിന പ്രവർത്തനങ്ങളും നടത്തിപ്പും പരിപാലനവും സംബന്ധിച്ച വിശദാംശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

- ആവശ്യകത ബോദ്ധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം ഷീ ലോഡ്ജുകൾ സ്ഥാപിക്കാവുന്നതാണ്.
- താഴെപ്പറയുന്ന രണ്ട് മാതൃകകളിൽ ഷീ ലോഡ്ജുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കാവുന്നതാണ്.

i. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ "ഷീ ലോഡ്ജുകൾ" സ്ഥാപിക്കുകയും ആയതിന്റെ നടത്തിപ്പ് മറ്റ് ഏജൻസികൾ / കുടുംബശ്രീ അംഗങ്ങൾ മുഖേന നിർവ്വഹിക്കുകയും ചെയ്യുക.
ii. കുടുംബശ്രീ അംഗങ്ങൾ സംരംഭക മാതൃകയിൽ നടത്തുന്ന ഷീ ലോഡ്ജുകൾ

- തദ്ദേശ സർക്കാരുകൾക്ക് ഷീ ലോഡ്ജുകൾ സ്ഥാപിക്കുന്നതിനായി കെട്ടിടം നിർമ്മിക്കുന്നതിന് / നിലവിലുള്ള മതിയായ സൗകര്യങ്ങളുള്ള സർക്കാർ കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന സജ്ജമാക്കുന്നതിന് തുക വകയിരുത്താവുന്നതും ഷീ ലോഡ്ജ് നടത്തിപ്പിനായി കുടുംബശ്രീ അംഗങ്ങളേയോ മറ്റ് ഏജൻസികളിൽ നിന്നുള്ളവരേയോ വേതന വ്യവസ്ഥയിൽ നിയോഗിക്കാവുന്നതുമാണ്. ഇത്തരം കേസുകളിൽ തദ്ദേശ സർക്കാരുകൾക്ക് സ്വീകാര്യമായ വാടക നിശ്ചയിക്കാവുന്നതാണ്. ടി സ്ഥാപനത്തിന്റെ നടത്തിപ്പ്, തദ്ദേശ സർക്കാരും പ്രസ്തുത ഏജൻസിയും തമ്മിൽ ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിലായിരിക്കും. ഷീ ലോഡ്ജിന്റെ സുരക്ഷയും സ്വകാര്യതയും ഉറപ്പുവരുത്തുന്നതിൽ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.
- ആവശ്യകതയും (need), വിജയസാധ്യതയും (viability) വിലയിരുത്തിയ ശേഷം, നിലവിൽ സംരംഭക മാതൃകയിൽ പ്രവർത്തിച്ചു വരുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളിൽ മെച്ചപ്പെട്ട വ്യതിയാനങ്ങൾ വരുത്തി കുടുംബശ്രീയ്ക്ക് ഷീ ലോഡ്ജുകൾ ആരംഭിക്കാവുന്നതാണ്.
- തദ്ദേശ സർക്കാരിന് കീഴിലുള്ള ഷീ ലോഡ്ജുകൾക്ക് താഴെപ്പറയുന്ന സൗകര്യങ്ങളെങ്കിലും കുറഞ്ഞപക്ഷം ഉണ്ടായിരിക്കേണ്ടതാണ്.

i. കുറഞ്ഞത് 8 കിടക്കകൾക്ക് സൗകര്യമുള്ള പ്രത്യേക മുറികൾ/ഡോർമറ്ററികൾ
ii. വൃത്തിയുള്ള ശുചിമുറികൾ
iii. സുരക്ഷാ ക്രമീകരണങ്ങൾ
iv. വൈ-ഫൈ
v. വൃത്തിയുള്ള അടുക്കള
vi. കുടിക്കാനുള്ള ശുദ്ധജലം
vii. ഫ്രിഡ്ജ്, ടെലിവിഷൻ
viii. ഡൈനിംഗ് റൂം
ix. എല്ലാ സ്ഥലവും കവർ ചെയ്യുന്നതിന് പര്യാപ്തമായ സി.സി.ടി.വി.ക്യാമറകൾ.

- സംസ്ഥാനതലത്തിൽ ഷീ ലോഡ്ജുകളെ നെറ്റ് വർക്ക് ചെയ്യുന്നതിന് ഒരു കോമൺ ബ്രാന്റിംഗ് (കോമൺ ഡിസൈൻ, ലോഗോ, ആംബിയൻസ് മുതലായവ) ആവശ്യമാണ്. കൂടാതെ ഓൺലൈൻ ബുക്കിംഗ് സംവിധാനവും ഏർപ്പെടുത്തേണ്ടതാണ്. ഈ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിനായി കുടുംബശ്രീയെ ചുമതലപ്പെടുത്തുന്നു.

- ഷീ ലോഡ്ജുകളുടെ മെച്ചപ്പെട്ട ഗുണനിലവാരം (standard quality) ഉറപ്പാക്കുന്നതിനായി ഒരു പൊതുപെരുമാറ്റച്ചട്ടം (common protocol) രൂപീകരിക്കേണ്ടത് ആവശ്യമാണ്. ആയതിലേക്ക് കുടുംബശ്രീയുടെ പരിചയസമ്പന്നത ഉപയോഗിക്കേണ്ടതാണ്.
- അതത് നഗരസഭകൾ/കോർപ്പറേഷനുകൾ (ULBs) നിർമ്മാണം നടന്നുവരുന്നതും പൂർത്തീകരിച്ചതുമായ ഷീ ലോഡ്ജുകൾ രണ്ടു മാസത്തിനകം പ്രവർത്തന സജ്ജമാക്കേണ്ടതാണ്.
- ഷീ ലോഡ്ജുകളുടെ നടത്തിപ്പിനാവശ്യമായ മാനുഷിക വിഭവശേഷി ലഭ്യമാക്കിയശേഷം അവർക്ക് പരിശീലനം നൽകേണ്ടതാണ്. ഇതിനായി കുടുംബശ്രീ ഒരു ട്രെയിനിംഗ് മോഡ്യൂൾ വികസിപ്പിക്കേണ്ടതും അതിൻപ്രകാരം പരിശീലനം നടത്തേണ്ടതുമാണ്.
- ഷീ ലോഡ്ജുകൾ ആരംഭിക്കുന്നതിനായി, തദ്ദേശ സർക്കാരുകൾ ആവശ്യപ്പെടുന്ന പക്ഷം, മറ്റു വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള സർക്കാർ കെട്ടിടങ്ങളിലെ ലഭ്യമായ/നിലവിൽ ഉപയോഗിക്കാത്ത സ്ഥലവും തദ്ദേശ സർക്കാരുകൾക്ക്, അനുയോജ്യതയും മറ്റു സൗകര്യങ്ങളും വിലയിരുത്തിയ ശേഷം അനുവദിച്ച് നൽകാവുന്നതാണ്
- ജില്ലാതലത്തിൽ ഷീ ലോഡ്ജുകളുടെ മേൽനോട്ടത്തിനായി ജില്ലാ കളക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എന്നിവരടങ്ങുന്ന ജില്ലാതല സമിതി രൂപീകരിക്കേണ്ടതാണ്.

.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ കോർപ്പറേഷൻ മേയർമാർക്കും
എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

പൊതുഭരണ (എസ്.സി.) വകുപ്പ് (Vide item No.4121 dated 23-07-2020)

അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ./ ഇ.&ആർ.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ